ഹദീസ്

# നാം പരീക്ഷിക്കപ്പെടുന്ന അഞ്ച് കാര്യങ്ങൾ

നൗഷാദ് ചേനപ്പാടി

عَن عبد الله بن عمر قَالَ أقبل علينا رَسُول الله صلى الله عَلَيْهِ وَسلم فَقَالَ يَا معشر الْمُهَاجِرين خمس إِذا ابتليتم بِهن وَأَعُوذ بِاللَّه أَن تدركوهن لم تظهر الْفَاحِشَة فِي قوم قطّ حَتَّى يعلنوا بهَا إِلَّا فَشَا فيهم الطَّاعُون والأوجاع الَّتِي لم تكن مَضَت فِي أسلافهم الَّذين مضوا وَلم ينقصوا الْمِكْيَال وَالْمِيزَان إِلَّا أخذُوا بِالسِّنِينَ وَشدَّة المئونة وجور السُّلْطَان عَلَيْهِم وَلم يمنعوا زَكَاة أَمْوَالهم إِلَّا منعُوا الْقطر من السَّمَاء وَلَوْلَا الْبَهَائِم لم يمطروا وَلم ينقضوا عهد الله وعهد رَسُوله إِلَّا سلط الله عَلَيْهِم عدوا من غَيرهم فَأخذُوا بعض مَا فِي أَيْديهم وَمَا لم تحكم أئمتهم بِكِتَاب الله ويتخيروا مِمَّا أنزل الله إِلَّا جعل الله بأسهم بَينهم( أخرجه ابن ماجه وصححه الحاكم وحسنه الألباني. )

**അബ്ദുല്ലാഹിബ്നു ഉമറി(റ)ൽ നിന്ന്. അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ റസൂൽ (സ) ഞങ്ങളിലേക്ക് കടന്നുവന്നിട്ട് പറഞ്ഞു: 'മുഹാജിർ സമൂഹമേ അഞ്ചു കാര്യങ്ങൾ, അവ മുഖേന നിങ്ങൾ പരീക്ഷിക്കപ്പെടുകയും അവ നിങ്ങളിൽ പതിക്കുകയും ചെയ്താൽ നിങ്ങൾക്കവ വന്നുഭവിക്കുന്നതിൽ നിന്ന് ഞാൻ അല്ലാഹുവിനോട് അഭയം തേടുന്നു. ഒന്ന്, ഒരു ജനത പരസ്യമായി അധാർമികതയിൽ ഏർപ്പെടുമ്പോൾ അവരുടെ പൂർവികരിൽ ഇല്ലാതിരുന്ന പ്ലേഗ്പോലുള്ള മാരകരോഗങ്ങൾ അവരിൽ പടർന്നു പിടിക്കുകതന്നെ ചെയ്യും. രണ്ട്, അളവിലും തൂക്കത്തിലും കുറവു വരുത്തിയവരെ ക്ഷാമവും വരൾച്ചയും ജീവിതച്ചെലവുകളുടെ കാഠിന്യവും ഭരണാധികാരികളുടെ അക്രമവും പിടികൂടുകതന്നെ ചെയ്യും. മൂന്ന്, തങ്ങളുടെ ധനത്തിന്റെ സകാത്ത് കൊടുക്കാതെ പിടിച്ചുവെച്ചവർക്ക് അല്ലാഹു മഴ മുടക്കുക തന്നെ ചെയ്യും. ജന്തുജാലങ്ങൾ ഇല്ലായിരുന്നുവെങ്കിൽ മഴ വർഷിക്കുമായിരുന്നില്ല. നാല്, അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും കരാർ ലംഘിച്ചവർക്കു മേൽ അവരിൽ നിന്നല്ലാത്ത അവരുടെ ശത്രുക്കൾ അധിനിവേശം നടത്തുകയും, അധിനിവേശ ശക്തി അവരുടെ കൈയിലുള്ളത് തട്ടിയെടുക്കുകയും ചെയ്യും. അഞ്ച്, അവരുടെ നേതാക്കന്മാർ അല്ലാഹുവിന്റെ കിതാബ്കൊണ്ട് ഭരണം നടത്തിയിട്ടില്ലെങ്കിൽ, അവനവതരിപ്പിച്ചവയിൽ നിന്ന് തെരഞ്ഞെടുക്കുന്നില്ലെങ്കിൽ അവർക്കിടയിൽ അല്ലാഹു ദുരിതം സൃഷ്ടിക്കുക തന്നെ ചെയ്യും'**

(ഇബ്നുമാജ (റ) തന്റെ സുനനിൽ ഉദ്ധരിച്ചത്. ഇത് ഹസൻ ആണെന്ന് അൽബാനി സാക്ഷ്യപ്പെടുത്തിയിരിക്കുന്നു).

മക്കയിൽ നിന്ന് അഭയാർഥികളായി മദീനയിലെത്തിയ മുഹാജിറുകളെ അഭിസംബോധന ചെയ്തുകൊണ്ട് നബി (സ) പറയുന്ന അഞ്ചു കാര്യങ്ങൾ മനുഷ്യൻ അനുഭവിക്കുന്ന ദുരന്തങ്ങളുടെ ഭൗതികാതീത വ്യാഖ്യാനമായി മനസ്സിലാക്കാം.

സൂറഃ *അൽജുമുഅ*യുടെ ആദ്യ സൂക്തത്തിൽ പറയുന്ന ഒരു പ്രാപഞ്ചിക യാഥാർഥ്യമുണ്ട്. ഈ പ്രപഞ്ചത്തിന് അല്ലാഹു സുസ്ഥിരവും മാറ്റമില്ലാത്തതുമായ ഒരു വ്യവസ്ഥ നിശ്ചയിച്ചിരിക്കുകയാണ്. അല്ലാഹുവിന് തസ്ബീഹ് ചെയ്തുകൊണ്ട്, അവന് ഇബാദത്ത് ചെയ്യുന്നതിലാണ് ആ വ്യവസ്ഥ നിലകൊള്ളുന്നത്. ആ പ്രപഞ്ചത്തിന്റെ ഭാഗമായ ഈ ഭൂമിയിലെ മനുഷ്യജീവിതത്തിന്റെ നിലനിൽപ്പിനും വളർച്ചക്കും പുരോഗതിക്കും അനിവാര്യമായ ധാർമിക നിയമങ്ങൾ ഈ പ്രാപഞ്ചിക നിയമവ്യവസ്ഥയുടെ ഭാഗം തന്നെയാണ്. മനുഷ്യൻ ഈ ധാർമിക നിയമങ്ങൾ പാലിച്ചു ജീവിക്കുമ്പോൾ അത് പ്രാപഞ്ചിക നിയമവ്യവസ്ഥയുമായി സമരസപ്പെടുകയും മനുഷ്യന് അനുഗുണമായി നിലകൊള്ളുകയും ചെയ്യും. അപ്പോഴാണ് ആകാശത്തുനിന്നും ഭൂമിയിൽ നിന്നും അനുഗ്രഹത്തിന്റെ കവാടങ്ങൾ മനുഷ്യനുവേണ്ടി തുറക്കപ്പെടും എന്ന് ഖുർആൻ പറഞ്ഞതിന്റെ പൊരുൾ നമുക്കു മനസ്സിലാവുക.

മറിച്ച് ഈ ധാർമിക നിയമങ്ങളെ അവഗണിച്ച് പ്രകൃതിക്ക് വിരുദ്ധമായി മനുഷ്യൻ ജീവിക്കുമ്പോൾ ഇതേ പ്രാപഞ്ചിക നിയമ വ്യവസ്ഥ അവന് പ്രതികൂലമായി നിലകൊള്ളും. ഈ അധാർമികത അതിന്റെ സീമകൾ ലംഘിച്ച് പരമകാഷ്ഠയിലെത്തുമ്പോൾ അത് പ്രാപഞ്ചിക നിയമവ്യവസ്ഥയുമായി ഏറ്റുമുട്ടുകയും അതിന്റെ പ്രതിപ്രവർത്തനം നടത്തുകയും ചെയ്യും. അപ്പോഴാണ് ഭൂമി അതിലെ ജനങ്ങളേയും കൊണ്ട് അടിമേൽ മറിയുക. ലൂത്വ് നബി(അ)യുടെ സമൂഹത്തിന് സംഭവിച്ചതുപോലെ. ആ പ്രകൃതിവിരുദ്ധത അതിന്റെ പാരമ്യത്തിലെത്തിയപ്പോഴായിരുന്നുവല്ലോ അങ്ങനെ സംഭവിച്ചത്. സ്വാലിഹ്, ശുഐബ്, ഹൂദ് എന്നീ നബിമാരുടെ സമൂഹങ്ങൾക്ക് സംഭവിച്ചതും സമാനമായ ദുരന്തങ്ങൾ തന്നെ. അളവിലും തൂക്കത്തിലും കുറവു വരുത്തുക, അത് സർവവ്യാപകമാവുക എന്നത് ഒരിക്കലും പ്രപഞ്ചത്തിന്റെ പ്രകൃതിയുമായി പൊരുത്തപ്പെടുന്നതല്ല. ഈ പ്രപഞ്ചവും അതിലെ സർവ ചരാചരങ്ങളും കൃത്യമായ ഒരു മീസാനിലാണ്/ താളക്രമത്തിലാണ് നിലകൊള്ളുന്നത് എന്ന് സൂറഃ *അർറഹ്മാ*ന്റെ ആദ്യത്തിൽ അല്ലാഹു പറയുന്നുണ്ട്. അപ്പോൾ അതിനു വിരുദ്ധമായ ഒരു പ്രവൃത്തി, അതു നിരന്തരമായി ചെയ്യുമ്പോൾ ഈ പ്രപഞ്ചഘടനയെ പ്രതികൂലമായി ബാധിക്കും. അങ്ങനെ അത്തരം സമൂഹങ്ങൾ നശിപ്പിക്കപ്പെടും. മനുഷ്യൻ ചെയ്യുന്ന അധാർമിക വൃത്തികൾ പ്രാപഞ്ചിക നിയമ വ്യവസ്ഥയുമായി എങ്ങനെ ഏറ്റുമുട്ടുന്നു എന്നതും അതിൻ ഫലമായി ഭൂമിയിൽ എങ്ങനെ ദുരന്തങ്ങളുണ്ടാവുന്നു എന്നതും അല്ലാഹുവിനു മാത്രമറിയാവുന്ന അദൃശ്യങ്ങളിൽപ്പെട്ടതാണ്. സകാത്ത് കൊടുത്തില്ലെങ്കിൽ എങ്ങനെയാണ് മഴ പെയ്യാതിരിക്കുക എന്നത് മനുഷ്യന്റെ ബോധേന്ദ്രിയങ്ങൾക്ക് അപ്രാപ്യമാണ്. അതിനാലാണ് ഗയ്ബിൽ/ മനുഷ്യേന്ദ്രിയങ്ങൾക്ക് അതീതമായ കാര്യങ്ങളിൽ വിശ്വസിക്കുന്നവർക്കേ ഈ ഖുർആൻ എല്ലാ അർഥത്തിലും മാർഗദർശനമാകൂ എന്ന് *അൽ ബഖറ* അധ്യായത്തിന്റെ തുടക്കത്തിലേ പറഞ്ഞുവെച്ചത്.